<u>ഐ. ടി . പത്താം തരം</u>

<u>അധ്യായം 1</u>

**പ്രാക്ടിക്കൽ**

**ചോദ്യം 1**


ഗവ. വി എച്ച് എസ് എസ് രാമവർമപുരത്തിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി, സ്കൂളിന്റെ പേര് ഉൾപ്പെടുന്ന ലോഗോ മാതൃകയിലെപോലെ ഇങ്ക്സ്കേപ്പിൽ തയ്യാറാക്കുക. ഇത് Home ലെ Exam10 എന്ന ഫോൾഡറിൽ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന് ഫയൽനാമം നൽകി സേവ് ചെയ്യുക.



**ഉത്തരം ചെയ്യേണ്ട രീതി**

Application – Graphics – Inkscape – Vector -Graphics Editor എന്ന രീതിയിൽ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാക്കുക . ഫയൽ മെനുവിൽ നിന്ന് Document Properties ജാലകം തുറന്ന് വീതിയും നീളവും ക്രമീകരിച്ച ശേഷം (1300x300) ജാലകം ക്ലോസ് ചെയ്യുക .

Rectangle Tool ഉപയോഗിച്ച് അനുയോജ്യമായ നിറത്തിൽ ചതുരം വരയ്ക്കുക . ടെക്സ്റ്റ് ടൂൾ ഉപയോഗിച്ച് മാതൃക പോലെ പേര് ടൈപ്പ് ചെയ്യുക.

ഇതിനെ ഹോമിൽ നിങ്ങളുടെ ഫോൾഡറിലെ Exam 10 എന്ന സബ് ഫോൾഡറിലേക്ക് രജിസ്റ്റർ നമ്പർ, ചോദ്യ നമ്പർ എന്നിവ നൽകി റാസ്റ്റർ ഫയലായി സേവ് ചെയ്യുക. ഇതിനായി ചിത്രത്തിലെ ആവശ്യമായ ഭാഗം മാത്രം സെലക്ട് ചെയ്ത് File – Export Bitmap എന്ന ഒപ്ഷൻ എടുക്കുക. Selection

എന്ന ടാബ് സെലക്ട് ചെയ്ത് ഫയൽ നാമം നൽകി Export ചെയ്യുക ആ ഭാഗം മാത്രമായി .png ഫോർമാറ്റിൽ സേവ് ചെയ്യപ്പെട്ടിരിക്കും

**ചോദ്യം 2**

ൽകിയിരിക്കുന്ന മാതൃകയിൽ ഒരു ഗോളം ഇങ്ക്സ്കേപ്പിൽ തയ്യാറാക്കുക. ഗ്രേഡിയന്റ് സങ്കേതം ഉപയോഗിച്ച് ത്രിമാന രൂപമാക്കുക. Stroke അദൃശ്യമാക്കുക. ഈ ചിത്രത്തെ റാസ്റ്റർ ചിത്രമായി Home ലെ Exam10 ഫോൾഡറിൽ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന ഫയൽനാമം നൽകി സേവ് ചെയ്യുക



**ഉത്തരം ചെയ്യേണ്ട രീതി**

Application – Graphics – Inkscape – Vector -Graphics Editor എന്ന രീതിയിൽ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാക്കുക .

Create Circle Tool ഉപയോഗിച്ച് ഒരു വൃത്തം വരച്ച് അനുയോജ്യമായ നിറം നൽകുക. Gradien Tool സെലക്ട് ചെയ്ത് Create Radial Gradient Tool ഉപയോഗിച്ച് വൃത്തത്തിനുള്ളിൽ ഡബിൾ ക്ലിക് ചെയ്യുക. വൃത്തത്തിൽ പ്രകടമായ മൂന്ന നോഡുകളെ Edit Path by Node Tool ഉപയോഗിച്ച് വൃത്തത്തെ ത്രിമാന രീതിയിൽ ചലിപ്പിക്കാം. ഒബ്ജക്ട് മെനുവിൽ നിന്ന് Fill & Stroke ഒപ്ഷനിൽ നിന്ന് വൃത്തത്തിന്റെ Stroke കളർ ഒഴിവാക്കാം

ഇതിനെ ഹോമിൽ നിങ്ങളുടെ ഫോൾഡറിലെ Exam 10 എന്ന സബ് ഫോൾഡറിലേക്ക് രജിസ്റ്റർ നമ്പർ, ചോദ്യ നമ്പർ എന്നിവ നൽകി റാസ്റ്റർ ഫയലായി സേവ് ചെയ്യുക ( ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം സേവ് ചെയ്യാൻ സ്വീകരിച്ച രീതിയാണ് ഇവിടേയും അവലംബിക്കേണ്ടത്)

## ചോദ്യം 3

മാതൃകയിലെ പൈപ്പിന്റെ ചിത്രം ഇങ്ക്സ്കേപ്പിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുക. ഗ്രേഡിയന്റ് സങ്കേതം ഉപയോഗിച്ച് ത്രിമാന രൂപമാക്കുക. ഈ ചിത്രത്തെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന ഫയൽനാമം നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക.



**ഉത്തരം ചെയ്യേണ്ട രീതി**

Application – Graphics – Inkscape – Vector -Graphics Editor എന്ന രീതിയിൽ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാക്കുക .Rectangle Tool ഉപയോഗിച്ച് അനുയോജ്യമായ നിറത്തിൽ ചതുരം വരയ്ക്കുക . സർക്കിൾ ടൂൾ ഉപയോഗിച്ച് ചതുരത്തോട് ചേർന്ന് രണ്ടറ്റത്തും വൃത്തം വരയ്ക്കുക. സെലക്ഷൻ ടൂളുപയോഗിച്ച് ഒന്നാമത്തെ വൃത്തവും, ചതുരവും ഒന്നിച്ച് സെലക്ട് ചെയ്ത് (വൃത്തം സെലക്ട് ചെയ്ത് കഴിഞ്ഞ് ഷിഫ്റ്റ് കീ പ്രസ്സ് ചെയ്ത് ചതുരവും സെലക്ട് ചെയ്യാം). തുടർന്ന് Path മെനുവിലെ Union എന്ന ഒപ്ഷൻ ക്ലിക് ചെയ്യുക.

രണ്ടാമത്തെ വൃത്തവും, ചതുരവും ഒന്നിച്ച് സെലക്ട് ചെയ്ത് ഇതേ പ്രവർത്തനം ചെയ്യുക. Gradien Tool സെലക്ട് ചെയ്ത് Create Liner Gradient Tool ഉപയോഗിച്ച് പൈപ്പിൽ ഡബിൾ ക്ലിക് ചെയ്യുക. അനുയോജ്യമായ നിറം സെലക്ട് ചെയ്ത് പൈപ്പിൽ ഡ്രാഗ് ചെയ്യുന്നതിലൂടെ പൈപ്പിന്റെ രൂപം

മെച്ചപ്പെടുത്താം

ഇതിനെ ഹോമിൽ നിങ്ങളുടെ ഫോൾഡറിലെ Exam 10 എന്ന സബ് ഫോൾഡറിലേക്ക് രജിസ്റ്റർ നമ്പർ, ചോദ്യ നമ്പർ എന്നിവ നൽകി സേവ് ചെയ്യുക.

**ചോദ്യം 4**


ജി.എച്ച്.എസ്സ്.എസ്സ്.വടക്കേക്കര സ്കൂളിന്റെ ലോഗോ, മാതൃകയിൽ കാണിച്ചിരിക്കുന്നതു പോലെ ഇങ്ക്സ്കേപ്പിൽ തയ്യാറാക്കുക. ഈ ചിത്രത്തെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന ഫയൽനാമം നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക.
(സൂചന : വലിയ വൃത്തം, ഉടർന്ന് ചെറിയ വൃത്തവും വരയ്ക്കുക. പേര് ടൈപ്പ് ചെയ്യുക, ടെക്സ്റ്റ് വളയ്ക്കുക. നിറങ്ങൾ മാറ്റുക)



**ഉത്തരം ചെയ്യേണ്ട രീതി**

Application – Graphics – Inkscape – Vector -Graphics Editor എന്ന രീതിയിൽ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാക്കുക. സർക്കിൾ ടൂൾ ഉപയോഗിച്ച് ഒരു വൃത്തം വരയ്ക്കുക. ഇതിന്റെ Duplicate എടുത്ത് ചെറുതാക്കി വൃത്തത്തിന്റെ മധ്യഭാഗത്ത് ക്രമീകരിക്കുക ( രണ്ട് വൃത്തവും രണ്ട് നിറത്തിലാ യിരിക്കണം) . ടെക്സ്റ്റ് ടൂൾ ഉപയോഗിച്ച് വൃത്തത്തിന് താഴെ പേര് ടൈപ്പ് ചെയ്യുക. Edit Path by Node Tool ഉപയോഗിച്ച് ടെക്സ്റ്റും, ഒന്നാമത്തെ വൃത്തവും( വലിയ വൃത്തം) ഒന്നിച്ച് സെലക്ട് ചെയ്ത് മുകളിലെ ടെക്സ്റ്റ് മെനുവിൽ

നിന്ന് Put onPath എന്ന ഒപ്ഷനിൽ ക്ലിക് ചെയ്യുക. ( രണ്ട് ഒബ്ജക്ടുകൾ ഒന്നിച്ച് സെലക്ട് ചെയ്യാൻ Shift കീ ഉപയോഗിച്ചാൽ മതി)

സെലക്ഷൻ ടൂൾ ഉപയോഗിച്ച് ടെക്സ്റ്റിൽ ഡബിൾ ക്ലിക് ചെയ്ത് ടെക്സ്റ്റിന്റെ വലിപ്പം, ആകൃതി എന്നിവ ക്രമീകരിക്കാം. അനുയോജ്യമായ രീതിയിൽ സേവ് ചെയ്യുക.

**ചോദ്യം 4**

താഴെ കൊടുത്ത മാതൃക ഇങ്ക്സ്കേപ്പ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുക. ചിത്രത്തെ റാസ്റ്റർ ഫയലായി Exam 10 എന്ന ഫോൾഡറിലേക്ക് രജിസ്റ്റർ നമ്പർ, ചോദ്യ നമ്പർ എന്നിവ നൽകി സേവ് ചെയ്യുക.



**ഉത്തരംചെയ്യേണ്ട രീതി**

Application – Graphics – Inkscape – Vector -Graphics Editor

എന്ന രീതിയിൽ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാക്കുക.

പെൻസിൽ ടൂൾ ഉപയോഗിച്ച് മുകളിലും, താഴേയുമായി ഒരു വര നിർമ്മിക്കുക.

സെലക്ഷൻ ടൂൾ ഉപയോഗിച്ച് വര സെലക്ട് ചെയ്ത് Edit – Clone – Create Tiled Clones ഒപ്ഷൻ തെരഞ്ഞെടുക്കുക. തുറന്ന് വരുന്ന ഡയലോഗ് ബോക്സിൽ

Symmetry ടാബിൽ PM:Reflection തെരഞ്ഞെടുക്കുക Row, Column 1x2 നൽകി Create ക്ലിക് ചെയ്ത് ഡയലോഗ് ബോക്സ് അടയ്ക്കുക.

Edit – Clone - Select Orginal ഒപ്ഷൻ തെരഞ്ഞെടുത്ത് Edit Path by Node Tool ഉപയോഗിച്ച് വരയെ ഒരു വശത്തേക്ക് വലിക്കുക. ഇതിനെ ഒരു ഇതളിന്റെ രൂപത്തിലാക്ക് ഒന്നിച്ച് സെലക്ട് ചെയ്ത് നിറം നൽകുക. ഈ ഇതൾ സെലക്ട് ചെയ്ത് Edit – Clone – Unlink Clone എന്ന ഒപ്ഷൻ ക്ലിക് ചെയ്ത് Path – Union നൽകുക. ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പികൾ എടുത്ത് ഒബ്ജക്ട് മെനുവിലെ Rotate, Flip തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഒരു പൂവിന്റെ ആകൃതിയിൽ ക്രമീകരിക്കാം. .ശേഷം ഇതളുകളെല്ലാം ഒന്നിച്ച് സെലക്ട് ചെയ്ത് Path – Union നൽകുക.

ഇതിനെ ഹോമിൽ നിങ്ങളുടെ ഫോൾഡറിലെ Exam 10 എന്ന സബ് ഫോൾഡറിലേക്ക് രജിസ്റ്റർ നമ്പർ, ചോദ്യ നമ്പർ എന്നിവ നൽകി റാസ്റ്റർ ഫയലായി സേവ് ചെയ്യുക. ഇതിനായി ചിത്രത്തിലെ ആവശ്യമായ ഭാഗം മാത്രം സെലക്ട് ചെയ്ത് File – Export Bitmap എന്ന ഒപ്ഷൻ എടുക്കുക. Selection എന്ന ടാബ് സെലക്ട് ചെയ്ത് ഫയൽ നാമം നൽകി Export ചെയ്യുക ആ ഭാഗം മാത്രമായി .png ഫോർമാറ്റിൽ സേവ് ചെയ്യപ്പെട്ടിരിക്കും

തയ്യാറാക്കിയത് ഹൗലത്ത്.കെ

സി കെ എച്ച് എസ് മണിമൂണി

നിലമ്പൂർ